എ.വൈ.ആർ

നൂഹ് നബി(അ)യുടെ കാലത്തുണ്ടായ പ്രളയത്തിന്റെയും അദ്ദേഹം നിർമിച്ച കപ്പലിന്റെയും കഥ ലോകത്തെങ്ങുമുള്ള നാഗരിക സമൂഹങ്ങളിൽ വിവിധ രൂപത്തിൽ നിലനിൽക്കുന്നു. വിസ്മൃതമാകാത്ത ആ സംഭവം പ്രവാചകവര്യന്മാരുടെ ധർമോപദേശങ്ങൾ തള്ളിക്കളഞ്ഞ അസത്യത്തിന്റെയും അധർമത്തിന്റെയും പാതയിലൂടെ അനവരതം മുന്നേറുന്നവരുടെ അന്തിമഗതി എന്തായിരിക്കുമെന്ന് മനുഷ്യരെ പഠിപ്പിക്കുന്ന വ്യക്തമായ പാഠങ്ങളായി അവശേഷിപ്പിച്ചിരിക്കുന്നു.



وَلَا يَأْتُونَكَ بِمَثَلٍ إِلَّا جِئْنَاكَ بِالْحَقِّ وَأَحْسَنَ تَفْسِيرًا ﴿٣٣﴾

**33.** ഇക്കൂട്ടർ നിനക്കെതിരെ എന്തു വിമർശനവുമായി വരുമ്പോഴും അതിന്റെ സത്യാവസ്ഥയും സുന്ദരമായ വ്യാഖ്യാനവും നാം നിനക്കു നൽകിവരുന്നുണ്ടല്ലോ.

**33**

وَلَا يَأْتُونَكَ بِمَثَلٍ = അവർ ഒരു ഉദാഹരണവും കൊണ്ട് നിന്റെയടുത്തു വരുന്നില്ല (ഇക്കൂട്ടർ നിനക്കെതിരെ എന്തു വിമർശനവുമായി വരുമ്പോഴും)

إِلَّا جِئْنَاكَ بِالْحَقِّ = നാം സത്യവുമായി നിന്റെയടുത്തു വന്നിട്ടല്ലാതെ (അതിന്റെ സത്യാവസ്ഥയും)

وَأَحْسَنَ تَفْسِيرًا = സുന്ദരമായ വ്യാഖ്യാനവും (നിനക്കു നൽകിവരുന്നുണ്ടല്ലോ)

ഉദാഹരണവും ഉപമയും വാദസമർഥനവും ന്യായം പറയലുമൊക്കെയാണ് ضرب المثل . ചില സന്ദർഭങ്ങളിൽ ആക്ഷേപം, വിമർശനം എന്ന അർഥത്തിലും ഉപയോഗിക്കും. അത്തരം ഒരു സന്ദർഭമാണിത്. അതിന്റെ വിപരീതമായി حقّ -യാഥാർഥ്യം-വന്നിട്ടുള്ളതിൽ നിന്നും ഇവിടെ ഉദ്ദേശ്യം അയഥാർഥമായ ആക്ഷേപവും ദുർന്യായവുമാണെന്ന് മനസ്സിലാക്കാം.

വചനസാരമിതാണ്: സത്യധർമങ്ങൾ നിഷേധിച്ചവരുടെ ആക്ഷേപവിമർശനങ്ങൾ കേട്ട് പ്രവാചകൻ വിഷമിക്കേണ്ടതില്ല. അവർ ഉന്നയിക്കുന്ന ഏത് ആക്ഷേപത്തിന്റെയും സത്യാവസ്ഥ അല്ലാഹു വെളിപ്പെടുത്തിത്തരികയും ഏറ്റം ഭംഗിയായി വിശദീകരിച്ചുതരികയും ചെയ്യുന്നുണ്ട്. അതതു സന്ദർഭങ്ങളിൽ ആവശ്യമായ മറുപടികളും വിശദീകരണങ്ങളും നൽകുന്നതിനു വേണ്ടി കൂടിയാണ് ഖുർആൻ ഈ വിധം പല പംക്തികളായി അവതരിപ്പിക്കുന്നത്. ■

الَّذِينَ يُحْشَرُونَ عَلَىٰ وُجُوهِهِمْ إِلَىٰ جَهَنَّمَ أُولَٰئِكَ شَرٌّ مَكَانًا وَأَضَلُّ سَبِيلًا ﴿٣٤﴾

**34.** മുഖംകുത്തി നരകത്തിലേക്ക് വലിച്ചിഴക്കപ്പെടുന്നവരാരോ അവരത്രെ സ്ഥാനത്താൽ ഏറ്റം ദുഷിച്ചവരും മാർഗത്താൽ ഏറ്റം പിഴച്ചവരും.

**34**

الَّذِينَ يُحْشَرُونَ عَلَىٰ وُجُوهِهِمْ = മുഖംകുത്തി വലിച്ചിഴക്കപ്പെടുന്നവരാരോ إِلَىٰ جَهَنَّمَ = നരകത്തിലേക്ക്

أُولَٰئِكَ = അവരത്രെ شَرٌّ مَكَانًا = സ്ഥാനത്താൽ ഏറ്റം ദുഷിച്ചവർ وَأَضَلُّ سَبِيلًا = മാർഗത്താൽ ഏറ്റം പിഴച്ചവരും

حَشْر -ൽനിന്നുള്ള ക്രിയാരൂപമാണ് يحشرون . സമ്മേളിക്കലും തിങ്ങിക്കൂടലുമാണ് حشر -ന്റെ സാമാന്യ അർഥം. ഉയിർത്തെഴുന്നേൽപ്പ്, തള്ളിക്കയറ്റൽ, കുത്തിത്തിരുകൽ എന്ന അർഥത്തിലും പ്രയോഗിക്കും. ഈ ഒടുവിൽ പറഞ്ഞതാണ് ഇവിടെ ഉദ്ദേശ്യം. തുടർന്ന് عَلَىٰ وُجُوهِهِمْ എന്നു പറഞ്ഞതിൽ നിന്നും താൽപര്യം വലിച്ചിഴക്കലാണെന്ന് വ്യക്തമാകുന്നുവെന്നും അഭിപ്രായമുണ്ട്. يَوْمَ يُسْحَبُونَ فِي النَّارِ عَلَىٰ وُجُوهِهِمْ (അവർ നരകത്തിൽ മുഖംകുത്തി വലിച്ചിഴക്കപ്പെടുന്ന ദിവസം-54:48) എന്നും പറഞ്ഞിട്ടുണ്ടല്ലോ. നേരത്തേ 24-ാം സൂക്തത്തിൽ സജ്ജനങ്ങൾക്കു നൽകിയ ശുഭപര്യവസാന സുവിശേഷത്തിനു വിപരീതമായി ദുഷ്ടജനത്തിന് കൊടിയ ദുഷ്പരിണതി താക്കീതു ചെയ്യുകയാണിവിടെ. കൊടും ദുരിതങ്ങൾ നിറഞ്ഞ വാസസ്ഥലത്തായിരിക്കും അവരെത്തിച്ചേരുക. നരകത്തിലേക്ക് മുഖംകുത്തി തള്ളിക്കയറ്റപ്പെടുന്നവർ അല്ലെങ്കിൽ വലിച്ചിഴക്കപ്പെടുന്നവരാണ് ലൗകിക ജീവിതത്തോട് ഏറ്റം പിഴച്ച നിലപാട് സ്വീകരിച്ചവർ എന്നും അർഥമാവാം. ഈ ലോകത്ത് ജീവിതത്തിന്റെ വഴിതെറ്റിയവർ തങ്ങൾ ഏതു വഴിക്കാണ് സഞ്ചരിക്കുന്നതെന്നോ എവിടെയാണ് എത്തിച്ചേരുകയെന്നോ ഒട്ടും ചിന്തിച്ചിരുന്നില്ല. ഒടുവിൽ ആ വഴിയുടെ അന്ത്യമായ നരകം മുന്നിലെത്തുമ്പോൾ തങ്ങൾ എവിടെനിന്നു വന്നുവെന്നും എവിടെ എത്തിയിരിക്കുന്നുവെന്നും അവർക്ക് മനസ്സിലാകുന്നു. ഈ യാഥാർഥ്യത്തെയാണ് وَأَضَلُّ سَبِيلًا എന്ന വാക്ക് സൂചിപ്പിക്കുന്നത്. ■

---

وَلَقَدْ آتَيْنَا مُوسَى الْكِتَابَ وَجَعَلْنَا مَعَهُ أَخَاهُ هَارُونَ وَزِيرًا ﴿٣٥﴾

35. മൂസാക്കു നാം വേദം നൽകി. അദ്ദേഹത്തിന്റെ കൂടെ സഹായകനായി സഹോദരൻ ഹാറൂനിനെയും നിയോഗിച്ചു.

فَقُلْنَا اذْهَبَا إِلَى الْقَوْمِ الَّذِينَ كَذَّبُوا بِآيَاتِنَا فَدَمَّرْنَاهُمْ تَدْمِيرًا ﴿٣٦﴾

36. എന്നിട്ട് കൽപിച്ചു: ഇരുവരും നമ്മുടെ ധർമസൂക്തങ്ങൾ തള്ളിക്കളഞ്ഞ ജനതയിലേക്കു ചെല്ലുവിൻ. പക്ഷേ, ഒടുവിൽ നാം അവരെ ഉന്മൂലനം ചെയ്യുകയാണുണ്ടായത്.

وَقَوْمَ نُوحٍ لَّمَّا كَذَّبُوا الرُّسُلَ أَغْرَقْنَاهُمْ وَجَعَلْنَاهُمْ لِلنَّاسِ آيَةً ۖ وَأَعْتَدْنَا لِلظَّالِمِينَ عَذَابًا أَلِيمًا ﴿٣٧﴾

37. നൂഹിന്റെ സമുദായത്തെയും നാം ശിക്ഷിച്ചു. ദൈവദൂതന്മാരെ തള്ളിപ്പറഞ്ഞപ്പോൾ നാം അവരെ പ്രളയത്തിൽ മുക്കിയൊടുക്കി. അവരെ പിൽക്കാല ജനത്തിനൊക്കെയും ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു. ധർമധിക്കാരികൾക്ക് വേദനയേറിയ ശിക്ഷ പരലോകത്തും നാം ഒരുക്കിവെച്ചിട്ടുണ്ട്.

**35-37**

وَلَقَدْ آتَيْنَا مُوسَى الْكِتَابَ = തീർച്ചയായും മൂസാക്ക് നാം വേദം നൽകി

وَجَعَلْنَا مَعَهُ أَخَاهُ هَارُونَ = അദ്ദേഹത്തിന്റെ സഹോദരൻ ഹാറൂനിനെ നാം അദ്ദേഹത്തിന്റെ കൂടെ ആക്കി (നിയോഗിച്ചു)

وَزِيرًا = മന്ത്രി, സഹായകൻ ആയിട്ട് | فَقُلْنَا = എന്നിട്ട് നാം പറഞ്ഞു (അവരോട് കൽപിച്ചു) | اذْهَبَا = ഇരുവരും ചെല്ലുവിൻ

إِلَى الْقَوْمِ الَّذِينَ كَذَّبُوا بِآيَاتِنَا = നമ്മുടെ (ധർമ)സൂക്തങ്ങൾ തള്ളിക്കളഞ്ഞ ജനത്തിലേക്ക്

فَدَمَّرْنَاهُمْ تَدْمِيرًا = അപ്പോൾ (ഒടുവിൽ) നാം അവരെ ഒരു ചതക്കൽ ചതച്ചു (ഉന്മൂലനം ചെയ്യുകയാണുണ്ടായത്)

وَقَوْمَ نُوحٍ = നൂഹിന്റെ ജനത്തെയും (നാം ശിക്ഷിച്ചു) | لَمَّا كَذَّبُوا الرُّسُلَ = അവർ ദൈവദൂതന്മാരെ തള്ളിപ്പറഞ്ഞപ്പോൾ

أَغْرَقْنَاهُمْ = നാം അവരെ (പ്രളയത്തിൽ) മുക്കിയൊടുക്കി | وَجَعَلْنَاهُمْ = അവരെ നാം ആക്കി(ക്കുകയും ചെയ്തു)

لِلنَّاسِ آيَةً = (പിൽക്കാല) ജനങ്ങൾക്ക് (ഒക്കെയും) ഒരു ദൃഷ്ടാന്തം | وَأَعْتَدْنَا = നാം ഒരുക്കിവെച്ചിട്ടുണ്ട്

لِلظَّالِمِينَ = അക്രമികൾക്ക് (ധർമധിക്കാരികൾക്ക്) | عَذَابًا أَلِيمًا = വേദനയേറിയ ശിക്ഷ (പരലോകത്തും)

ഇനി മൂസാ നബി(അ)യുടെയും നൂഹ് നബി(അ)യുടെയും ഈ രണ്ടു പേരുടെയും കാലഘട്ടത്തിനിടയിൽ പ്രവാചക നിയോഗമുണ്ടായ മറ്റനേകം സമുദായങ്ങളുടെയും ചരിത്രത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. എല്ലാ പ്രവാചകന്മാർക്കും ചെകുത്താന്മാർ ശത്രുക്കളായി ഉണ്ടായിരുന്നുവെന്ന് നേരത്തേ പ്രസ്താവിച്ചിരുന്നുവല്ലോ. അതിന് ചരിത്രപരമായ സാക്ഷ്യങ്ങളുദ്ധരിച്ചുകൊണ്ട് പ്രവാചകനിൽ മനസ്സമാധാനവും ആത്മവിശ്വാസവും വളർത്തുകയാണീ അനുസ്മരണത്തിന്റെ ലക്ഷ്യം. ഇവിടെ സൂചിപ്പിക്കുന്ന പ്രവാചകന്മാരുടെ ചരിത്രത്തിന്റെ വിവിധ ഭാഗങ്ങൾ

മുന്‍ സൂറകളില്‍ പലയിടത്തായി വിശദമായി വന്നിട്ടുണ്ട്. പിന്‍ സൂറകളില്‍ വരാനിരിക്കുകയും ചെയ്യുന്നു. സംഭവങ്ങള്‍ സൂചിപ്പിക്കുക മാത്രമേ ഇവിടെ ചെയ്യുന്നുള്ളൂ. സംഭവങ്ങള്‍ പരാമര്‍ശിക്കുന്നത് കാലക്രമത്തിലല്ല. കാലക്രമത്തിലായിരുന്നുവെങ്കില്‍ ആദ്യം പരാമര്‍ശിക്കേണ്ടത് നൂഹ് നബിയെയും അദ്ദേഹത്തിനു ശേഷം വന്ന ആദ്-സമൂദ് വര്‍ഗങ്ങളെയുമായിരുന്നു. എന്നാല്‍ നൂഹ് നബിക്കു ശേഷമുള്ള പരാമര്‍ശങ്ങള്‍ കാലക്രമത്തില്‍തന്നെയാണ്. അഭിസംബോധിതര്‍ വേദഗ്രന്ഥമായ ഖുര്‍ആനിനെ അവിശ്വസിക്കുകയും വിമര്‍ശിക്കുകയും ചെയ്യുന്നവരായതിനാലാവാം ഇസ്രാഈലീ പ്രവാചകന്മാരില്‍ അഗ്രഗണ്യനും വേദവാഹകനും അറബികള്‍ക്ക് പരിചിതനുമായ മൂസാ(അ)യെ ആദ്യം പരാമര്‍ശിക്കുന്നത്. മൂസാ(അ)യോടൊപ്പം അദ്ദേഹത്തിന്റെ വസീറായി നിയോഗിക്കപ്പെട്ട ഹാറൂനിനെയും പരാമര്‍ശിച്ചിരിക്കുന്നു. وَزِير -ന്റെ അര്‍ഥം നേരത്തേ സൂറ *ത്വാഹാ* 29-ാം സൂക്തത്തിനു താഴെ *ഖുര്‍ആന്‍ ബോധനം* വിശദമാക്കിയിട്ടുണ്ട്. മൂസാ(അ)യോടൊപ്പം ഹാറൂനിനെ(അ)യും ആവര്‍ത്തിച്ചു പരാമര്‍ശിക്കുന്നതിലൂടെ സന്മാര്‍ഗദര്‍ശനത്തില്‍ അല്ലാഹു അവന്റെ സൃഷ്ടികളോട് അനുവര്‍ത്തിക്കുന്ന അനുഗ്രഹവും ഔദാര്യവും എടുത്തു കാണിക്കുകയാണ്. ജനങ്ങളെ സത്യബോധനം ചെയ്യാന്‍ നിയോഗിക്കുന്ന പ്രവാചകനോടൊപ്പം ആവശ്യഘട്ടങ്ങളില്‍ അവന്‍ മറ്റൊരു പ്രവാചകനെക്കൂടി നിശ്ചയിക്കുന്നു. രണ്ടു പ്രവാചകന്മാര്‍ മതിയാവാത്ത ഘട്ടത്തില്‍ മൂന്നാമതൊരാളെ കൂടി നിശ്ചയിക്കുന്നതായും സൂറഃ *യാസീനില്‍* പറയുന്നുണ്ട്. മൂസാ നബിക്ക് സഹപ്രവാചകന്‍ ആവശ്യമായി വന്നത് പ്രവാചകത്വത്തിന്റെ ആദ്യഘട്ടത്തില്‍ അദ്ദേഹം വാഗ്വിലാസത്തില്‍ പിന്നാക്കമായിരുന്നതിനാലാണെന്ന് സൂറഃ *ത്വാഹാ* 26-28 സൂക്തങ്ങള്‍ സൂചിപ്പിക്കുന്നു. ഈ രണ്ടു പ്രവാചകന്മാരും ഒരുമിച്ചാണ് ഫറവോന്റെ കൊട്ടാരത്തില്‍ ചെന്ന് പ്രബോധനം ചെയ്തത്. പക്ഷേ അവരുടെ പ്രബോധനത്തിനും വേദവചനങ്ങള്‍ക്കും അവര്‍ പ്രത്യക്ഷപ്പെടുത്തിയ ദൃഷ്ടാന്തങ്ങള്‍ക്കും ഫറവോനികള്‍ ഒരു വിലയും കല്‍പിച്ചില്ല. അതെല്ലാം വെറും ആഭിചാരവും കണ്‍കെട്ടുമാണെന്നാരോപിച്ച് തള്ളിക്കളഞ്ഞു. ആ പ്രവാചകന്മാരെയും അവരില്‍ വിശ്വസിച്ചവരെയും കൊടിയ പീഡനങ്ങള്‍ക്കിരയാക്കി. ഫറവോനികളുടെ അതിക്രമം പൊറുക്കാവുന്നതിന്റെ എല്ലാ അതിരുകളും അതിലംഘിച്ചപ്പോള്‍ അല്ലാഹു അവരെ തകര്‍ത്തു തരിപ്പണമാക്കുകയായിരുന്നു.

നൂഹ് നബി(അ)യോടൊപ്പം സഹപ്രവാചകന്‍ നിയോഗിക്കപ്പെട്ടിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ ജനത ദൈവദൂതന്മാരെ തള്ളിപ്പറഞ്ഞു- كَذَّبُوا الرُّسُلَ -എന്ന് ബഹുവചനത്തില്‍ പറഞ്ഞിരിക്കുന്നു. ഇതിന് രണ്ടു വ്യാഖ്യാനങ്ങള്‍ നല്‍കപ്പെട്ടിരിക്കുന്നു:

1) നൂഹ് നബിയെ നിഷേധിച്ചതിന് അദ്ദേഹത്തിന്റെ ജനത ഉന്നയിച്ച ന്യായം, മനുഷ്യരെ അല്ലാഹു മനുഷ്യരിലേക്ക് ദൂതന്മാരായി നിയോഗിക്കുക എന്ന ഒരു സംഭവമേയില്ല

مَا هَٰذَا إِلَّا بَشَرٌ مِّثْلُكُمْ يُرِيدُ أَن يَتَفَضَّلَ عَلَيْكُمْ وَلَوْ شَاءَ اللَّهُ لَأَنزَلَ مَلَائِكَةً

(ഇവന്‍ നിങ്ങളെപ്പോലൊരു മനുഷ്യന്‍ മാത്രമാകുന്നു. നിങ്ങള്‍ക്കുമേല്‍ ശ്രേഷ്ഠനാവാന്‍ ശ്രമിക്കുകയാണവന്‍. അല്ലാഹു ദൂതന്മാരെ അയക്കാന്‍ ഉദ്ദേശിച്ചാല്‍ തന്നെ മലക്കുകളെയാണയക്കുക-23:24) എന്നായിരുന്നു അവരുടെ നിലപാട്. പ്രവാചകന്മാരില്‍ ആദ്യമായി നിഷേധിക്കപ്പെട്ടയാളാണ് നൂഹ് നബി (അ). അദ്ദേഹത്തിന്റെ പ്രവാചകത്വം ഈ വിധം നിഷേധിച്ചവര്‍ അദ്ദേഹത്തിനു മുമ്പും പിമ്പുമുള്ള പ്രവാചകന്മാരെയും നിഷേധിച്ചവരായി.

2) ഒരേ സന്ദേശം പ്രബോധനം ചെയ്യാനാണ് എല്ലാ പ്രവാചകന്മാരും നിയുക്തരായത്. ഒരേ ദൈവമാണ് എല്ലാവരെയും അയച്ചതും. അതിനാല്‍ ഒരു പ്രവാചകന്റെ പ്രബോധനം തള്ളപ്പെടുന്നതിലൂടെ എല്ലാ പ്രവാചകന്മാരുടെയും സന്ദേശം തള്ളപ്പെടുന്നു. പ്രവാചകനെ നിഷേധിക്കുക എന്ന കുറ്റത്തിന്റെ ഗൗരവത്തെക്കുറിച്ചുണര്‍ത്തുകയാണീ പദപ്രയോഗത്തിന്റെ താല്‍പര്യം.

ദൈവിക സന്ദേശങ്ങള്‍ പുഛിച്ചുതള്ളി അധര്‍മത്തിലാണ്ടുപോയ നൂഹ് ജനത പ്രളയത്തില്‍ നശിച്ചതെങ്ങനെയെന്ന് സൂറഃ *അല്‍ മുഅ്മിനൂനി*ലും അതിനു മുമ്പ് സൂറഃ *ഹൂദി*ലും വിശദമാക്കിയിട്ടുണ്ട്. നൂഹ് നബി(അ)യുടെ കാലത്തുണ്ടായ പ്രളയത്തിന്റെയും അദ്ദേഹം നിര്‍മിച്ച കപ്പലിന്റെയും കഥ ലോകത്തെങ്ങുമുള്ള നാഗരിക സമൂഹങ്ങളില്‍ വിവിധ രൂപത്തില്‍ നിലനില്‍ക്കുന്നു. വിസ്മൃതമാകാത്ത ആ സംഭവം പ്രവാചകവര്യന്മാരുടെ ധര്‍മോപദേശങ്ങള്‍ തള്ളിക്കളഞ്ഞ അസത്യത്തിന്റെയും അധര്‍മത്തിന്റെയും പാതയിലൂടെ അനവരതം മുന്നേറുന്നവരുടെ അന്തിമഗതി എന്തായിരിക്കുമെന്ന് മനുഷ്യരെ പഠിപ്പിക്കുന്ന വ്യക്തമായ പാഠങ്ങളായി അവശേഷിപ്പിച്ചിരിക്കുന്നു എന്നാണ് وَجَعَلْنَاهُمْ لِلنَّاسِ آيَةً എന്ന വാക്യത്തിന്റെ താല്‍പര്യം. ഭൗതികമായ ഈ വിനാശംകൊണ്ട് അവരുടെ ദുരന്തം അവസാനിക്കുന്നില്ല. പാരത്രിക ലോകത്ത് ഇതിനേക്കാള്‍ കൊടിയ നിത്യപീഡനം അവരെ കാത്തിരിക്കുന്നുണ്ടെന്നാണ് وَأَعْتَدْنَا لِلظَّالِمِينَ عَذَابًا أَلِيمًا എന്ന വാക്യത്തിലൂടെ വ്യക്തമാക്കുന്നത്. ■